പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.6071

04/11/2016 ൽ
മറുപടിയ്ക്ക്

## കശുവണ്ടി വ്യവസായം സംരക്ഷിക്കാൻ നടപടി

ചോദ്യം
ശ്രീ.മുല്ലക്കര രത്നാകരൻ
ശ്രീ.ജി.എസ്.ജയലാൽ
ശ്രീ.വി.ആർ.സുനിൽ കുമാർ
ശ്രീ.കെ.രാജൻ

ഉത്തരം
മെഴ്സിക്കുട്ടി അമ്മ
(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പ് മന്ത്രി )

| | |
|---|---|
| (എ) സംസ്ഥാനത്തെ കശുവണ്ടി വ്യവസായം സംരക്ഷിക്കുന്നതിന് നിലവിലെ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ ; | കശുവണ്ടി വികസന കോർപ്പറേഷന്റേയും കാപ്പക്സിന്റേയും കീഴിലുള്ള 40 ഫാക്ടറികൾ ആവശ്യമായ തോട്ടണ്ടി ലഭ്യമാക്കി ഇതിനകം തുറന്നു പ്രവർത്തിപ്പിച്ചിട്ടുണ്ട്. സ്വകാര്യ കശുവണ്ടി ഫാക്ടറികൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിനെ സംബന്ധിച്ച് ആലോചിക്കാൻ ബഹു.ഫിഷറീസ് & കാഷ്യൂ വ്യവസായവും വകുപ്പ് മന്ത്രിയും, ബഹു.മുഖ്യമന്ത്രിയും പ്രത്യേകം യോഗങ്ങൾ വിളിച്ചു ചേർക്കുകയും ഈ മേഖലയിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ വ്യവസായികളിൽ നിന്നും തന്നെ മനസ്സിലാക്കി പരിഹാര മാർഗ്ഗങ്ങൾ സ്വീകരിച്ചു വരികയുമാണ്. ബഹു.മുഖ്യമന്ത്രി വിളിച്ചു ചേർത്ത യോഗത്തിൽ തോട്ടണ്ടി കൈവശമുള്ളവർ ഫാക്ടറി തുറക്കാത്ത വിഷയം പരിഗണിക്കുകയും കശുവണ്ടി ഫാക്ടറികൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കാൻ മുഖ്യമന്ത്രി കശുവണ്ടി വ്യവസായികളോട് അഭ്യർത്ഥിക്കുകയും |

| | |
|---|---|
| | ചെയ്തിരുന്നു. കൂടാതെ കാഷ്യൂ സ്പെഷ്യൽ ഓഫീസറുടെ നേതൃത്വത്തിൽ ഫാക്ടറികളിൽ പരിശോധന നടത്തുകയും തോട്ടണ്ടി ലഭ്യമായിട്ടും തുറന്ന് പ്രവർത്തിപ്പിക്കാത്ത ഫാക്ടറികൾ തുറക്കണമെന്ന് ആവശ്യപ്പെട്ട് നോട്ടീസ് നൽകുകയും ചെയ്തിട്ടുണ്ട്. ആഭ്യന്തര തോട്ടണ്ടി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി അയൽ സംസ്ഥാനങ്ങളിൽ ഭൂമി പാട്ടത്തിനെടുത്ത് കൃഷി ചെയ്യുന്ന തടക്കമുള്ള വിവിധ പരിപാടികൾ സർക്കാരിന്റെ സജീവ പരിഗണനയിലാണ്. കൂടാതെ കശുവണ്ടിയിൽ നിന്നും മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്നതിനുള്ള നടപടികൾ കാപെക്സ് സ്വീകരിച്ചു വരുന്നു. ഇപ്പോഴും അടഞ്ഞുകിടക്കുന്ന സ്വകാര്യ കശുവണ്ടി ഫാക്ടറികൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിനായി ധനകാര്യ സ്ഥാപനങ്ങൾ മുഖേന അവരെടുത്ത വായ്പ പുനഃക്രമീകരിക്കുന്നതിനും പുതിയ വായ്പ അനുവദിക്കുന്നതിനും അർഹമായ കേസുകളിൽ തിരിച്ചടവിന് മൊറട്ടോറിയം പ്രഖ്യാപിക്കുന്ന കാര്യവും ഇതിനായി രൂപീകരിക്കപ്പെട്ട എംപവേർഡ് കമ്മിറ്റി മുഖാന്തിരം ശ്രമിച്ചു വരുന്നു. |
| (ബി) സംസ്ഥാനത്തെ ഫാക്ടറികൾക്കാവശ്യമായ കശുവണ്ടി ഇവിടെ തന്നെ ഉൽപാദിപ്പിക്കുന്നതിനാവശ്യമായ ദീർഘകാല പദ്ധതി ആവിഷ്കരിക്കുമോ; ഇത് സംബന്ധിച്ച പഠനം നടത്തുമോ ;വ്യക്തമാക്കുമോ; | (ബി) ആഭ്യന്തര തോട്ടണ്ടി ഉല്പാദനക്കുറവാണ് കശുവണ്ടി വ്യവസായം നേരിടുന്ന പ്രധാന പ്രശ്നങ്ങളിലൊന്ന് എന്ന തിരിച്ചറിവോടെ സർക്കാർ ഈ പ്രശ്നത്തെ വളരെ ഗൗരവത്തോടെ കാണുകയും സർക്കാരിന്റെ നയ പ്രഖ്യാപനത്തിൽ ഉൾപ്പെടുത്തുകയും, ഉല്പാദന വർദ്ധനവിനായി വിവിധ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുകയും ചെയ്യുന്നുണ്ട്. |

| | |
|---|---|
| | അയൽ സംസ്ഥാനങ്ങളിൽ ഭൂമി പാട്ടത്തിനെടുത്ത് കശുവണ്ടി കൃഷി ചെയ്യാനുള്ള പരിപാടികളും ആലോചിച്ചു വരുന്നു. സംസ്ഥാനത്തിനകത്ത് സർക്കാർ/ സർക്കാരിതര സ്ഥാപനങ്ങളുടെ കൈവശത്തിലുള്ള ഉപയോഗിക്കാത്ത ഭൂമിയിലും കശുവണ്ടി കൃഷി വ്യാപിപ്പിക്കാനായി ബഹു. കശുവണ്ടി വ്യവസായ വകുപ്പുമന്ത്രി 17/10/2016 ൽ ബഹു.കൃഷി വകുപ്പ് മന്ത്രിയുടെയും ബഹു.തദ്ദേശ സ്വയംഭരണ വകുപ്പു മന്ത്രിയുടെയും മറ്റ് പ്രമുഖരുടേയും ഒരു യോഗം നടത്തുകയുണ്ടായി. പദ്ധതി നടപ്പിലാക്കാൻ ആവശ്യമായ നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ